## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ. 1402 | 14/06/2013-ൽ മറുപടിക്ക് |
|---|---|

**കടമക്കുടി , പിഴല , മൂലമ്പിള്ളി ദ്വീപസമൂഹങ്ങളെ ചാത്തനാടുമായി ബന്ധിപ്പിക്കുന്നതിനുള്ള പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. മഞ്ഞളാംകുഴി അലി<br>ബഹു: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി | |
| (എ) | കടമക്കുടി, പിഴല, മുലമ്പിള്ളി ദ്വീപസമൂഹങ്ങളെ ചാത്തനാടുമായി ബന്ധിപ്പിക്കുന്നതിനുള്ള പാലങ്ങളുടെ നിർമ്മാണം ജിഡ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ-യെന്ന് വ്യക്തമാക്കാമോ; | (എ) | കടമക്കുടി, പിഴല, മൂലംമ്പിള്ളി ദ്വീപസമൂഹങ്ങളെ ചാത്തനാടുമായി ബന്ധിപ്പിക്കുന്നതിനുള്ള പാലങ്ങളുടെ നിർമ്മാണത്തിന് പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;; | (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ പരിസ്ഥിതി ക്ലീയറൻസ് ലഭ്യമായിട്ടില്ല. പരിസ്ഥിതി ക്ലീയറൻസിനായി സെസ്സ് വഴി പഠനം നടത്തി, പഠന റിപ്പോർട്ട് ഇപ്പോൾ എം.ഒ.ഇ&എഫ് ന്റെ പരിഗണനയിലാണ്. കൂടാതെ മൂലംമ്പിള്ളി ചാത്തനാട് റോഡ് പദ്ധതി, നാല് വ്യത്യസ്ഥ പദ്ധതികളായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ 12/02/2013 ൽ കൂടിയ ജിഡയുടെ 28-ാമത് ജനറൽ കൗൺസിലിൽ തീരുമാനമായിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതിയുടെ ടെണ്ട ർ നടപടികൾ എന്ന് ആരം ഭ ിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | പരിസ്ഥിതി ക്ലീയറൻസ് ലഭിച്ച് ഭരണാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ